# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 5**

---

### പോസ്റ്റ് മെട്രിക് മൈനോരിറ്റി സ്കോളർഷിപ്പ്; ബയോമെട്രിക് ഓഥൻറിക്കേഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ടുമെൻറുകളിലെ പോസ്റ്റ് മെട്രിക് മൈനോരിറ്റി സ്കോളർഷിപ്പിന് അപേക്ഷിച്ച വിദ്യാർഥികളുടെ ബയോമെട്രിക് ഓഥൻറിക്കേഷൻ സെപ്റ്റംബർ ഏഴിന് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെ സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് സെമിനാർ ഹാളിൽ നടക്കും.

ഇതുവരെ ബയോമെട്രിക് ഓഥൻറിക്കേഷൻ നടത്താത്ത അർഹരായ എല്ലാ വിദ്യാർഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താം.

(പി.ആർ.ഒ/39/1068/2023)

### കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഒക്ടോബർ അഞ്ചിന്

മഹാത്മാഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ 2023-24 അധ്യയന വരഷത്തെ കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് ഒക്ടോബർ അഞ്ചിന് നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചു.

കോളജ് അധികൃതർ സർവകലാശാലയിൽനിന്ന് നൽകിയിട്ടുള്ള നിർദേശങ്ങൾ പ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in)

(പി.ആർ.ഒ/39/1069/2023)

### സ്കോളർഷിപ്പ്, അവാർഡ്, സാമ്പത്തിക സഹായം; അപേക്ഷ 30 വരെ

അംഗപരിമിത വിദ്യാർഥികൾക്കുള്ള 2023-24 അക്കാദമിക് വർഷത്തെ മെറിറ്റ് സ്കോളർഷിപ്പ്, അനേക 2023 കലോത്സവത്തിലെ വിജയികൾക്കുള്ള കൾച്ചറൽ സ്കോളർഷിപ്പ്, റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ.സി.സി കേഡറ്റുകൾ, എൻ.എസ്.എസ് വോളണ്ടിയർമാർ, നാഷണൽ, സൗത്ത് സോൺ മത്സരങ്ങളിൽ

വിജയിച്ചവർ എന്നിവർക്കുള്ള കാഷ് അവാർഡ്, ഗുരുതര രോഗമുള്ള വിദ്യാർഥികൾക്കുള്ള സാമ്പത്തിക സഹായം എന്നിവയ്ക്കായി സെപ്റ്റംബർ 30 വൈകുന്നേരം 4.30 വരെ അപേക്ഷിക്കാം. ഡയറക്ടർ, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ്സ് സർവീസസ്, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം-686560 എന്ന വിലാസത്തിലാണ് അപേക്ഷകൾ നൽകേണ്ടത്.

കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. അപേക്ഷാ ഫോറവും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1070/2023)

## പരീക്ഷ മാറ്റി

മൂന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2019 അഡ്മിഷൻ റഗുലർ, 2014 – 2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2013 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2013നു മുൻപുള്ള അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് - ജൂൺ 2023) പരീക്ഷയുടെ നാളെ(സെപ്റ്റംബർ 7) മുതൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 13 മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

...................

നാലാം സെമസ്റ്റർ എം.എസ്.സി ബോട്ടണി(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ നാളെ(സെപ്റ്റംബർ 7) മുതൽ നടത്താനിരുന്ന പ്രാക്ടിക്കൽ, പ്രോജക്ട് ഇവാല്യുവേഷൻ, കോഴ്സ് വൈവ വോസി പരീക്ഷകൾ ഈ മാസം 11 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1071/2023)

## സീറ്റൊഴിവ്

മൂലമറ്റം എസ്.ജെ.എ.എച്ച്.ഇ.ആർ കോളജിൽ ബി.പി.എഡ് കോഴ്സിൽ മാനേജ്മെൻറ് ക്വാട്ടയിൽ ഒരു സീറ്റും ബി.പി.ഇ.എസ് കോഴ്സിൽ 19 സീറ്റുകളും ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ സെപ്റ്റംബർ ഏഴിന്(വ്യാഴാഴ്ച്ച) രാവിലെ 7.30ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് ഓഫീസിൽ എത്തണം. അഡ്മിഷൻ നടപടികളുടെ ഭാഗമായുള്ള കായികക്ഷമതാ പരീക്ഷ അന്നു തന്നെ നടത്തും.

ബി.പി.എഡ് കോഴ്സിന് 1300 രൂപയും ബി.പി.ഇ.എസിന് 800 രൂപയും അപേക്ഷാ ഫീസ് ഓൺലൈനിൽ MGU online payment gateway ലെ Fee From Department എന്ന ഹെഡിൽ അടച്ച് ചെല്ലാൻ സമർപ്പിക്കണം. ഫോൺ: 0481 2732368

(പി.ആർ.ഒ/39/1072/2023)

## സ്പോട്ട് അഡ്മിഷൻ

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിലെ(ഐ.എം.പി.എസ്.എസ്) പഞ്ചവത്സര ഇൻറഗ്രേറ്റഡ് മാസ്റ്റേഴ്സ് പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ് കോഴ്സിൽ ജനറൽ, എസ്.സി,എസ്.ടി വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

എസ്.സി, എസ്.ടി വിഭാഗത്തിൽ പെടുന്നവരുടെ അഭാവത്തിൽ ഒ.ഇ.സി, എസ്.ഇ.ബി.സി എന്നീ വിഭാഗങ്ങളിലുള്ളവരെ പരിഗണിക്കും. എസ്.സി, എസ്.ടി വിഭാഗത്തിൽ പെട്ട 45 ശതമാനം മാർക്കോടു കൂടി പ്ലസ് ടു വിജയിച്ചവരെ പരിഗണിക്കും.

എസ്.എസ്.എൽ.സി, പ്ലസ് ടു യോഗ്യതാ രേഖകൾ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ഇൻകം സർട്ടിഫിക്കറ്റ്, ടി.സി, സി.സി എന്നിവയുടെ അസ്സൽ സഹിതം സെപ്റ്റംബർ 11ന് ഐ.എം.പി.എസ്.എസ് ഓഫീസിൽ ഹാജരാകണം. ഫോൺ: 9717039874, ഇ-മെയിൽ:impss@mgu.ac.in.

(പി.ആർ.ഒ/39/1073/2023)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷകൾ സെപ്റ്റംബർ 12ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1074/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

സെപ്റ്റംബർ 19ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്കും ഒക്ടോബർ ആറിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ(2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്കും

സെപ്റ്റംബർ എട്ടു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

സെപ്റ്റംബർ 11 വരെ പിഴയോടു കൂടിയും സെപ്റ്റംബർ 12 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1075/2023)

## സബ് സെൻറർ

സെപ്റ്റംബർ 12ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ,ബി.കോം(സി.ബി.സി.എസ് – 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് സബ് സെൻറർ അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/1076/2023)

## പ്രോജക്ട്, വൈവ പരീക്ഷകൾ

നാലാം സെമസ്റ്റർ എം.എസ്.സി മോളിക്യുലർ ബയോളജി ആൻറ് ജനറ്റിക് എൻജിനീയറിംഗ്(സി.എസ്.എസ് – 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി – ജൂലൈ 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ പരീക്ഷകൾ സെപ്റ്റംബർ 20 മുതൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/1077/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എ മ്യൂസിക് വോക്കൽ, വീണ, മദ്ദളം, കഥകളി സംഗീതം, മോഹിനിയാട്ടം, ഭരതനാട്യം(സി.ബി.സി.എസ്.എസ്, പുതിയ സ്കീം – 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2015, 2017–2021 അഡ്മിഷനുകൾ റീ–അപ്പിയറൻസ് – മെയ് 2023), നാലാം സെമസ്റ്റർ ബി.എ കഥകളി സംഗീതം, മ്യൂസിക് മൃദംഗം, മദ്ദളം(സി.ബി.സി.എസ്, 2021 അഡ്മിഷൻ റഗുലർ – മെയ് 2023) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1078/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**